Circular: 2/Gen-OVBS /2023

# പൗരസ്ത്യ ഓർത്തഡോക്സ്
# സിറിയൻ സൺഡേസ്കൂൾ അസോസിയേഷൻ

**ദേവലോകം, കോട്ടയം – 686 004**

**website: ossaebodhanam.org, ossae.org, e-mail: dgossae@gmail.com**

## ഓർത്തഡോക്സ് വെക്കേഷൻ ബൈബിൾ സ്കൂൾ

### OVBS 2023

ബഹുമാനപ്പെട്ട വൈദിക ശ്രേഷ്ഠരേ, അധ്യാപകരെ,

2022 ലെ OVBS അനുഗ്രഹപ്രദമായി പൂർത്തീകരിക്കുന്നതിൽ ഉത്സാഹിച്ച ഏവരോടുമുള്ള നന്ദി അറിയിക്കട്ടെ. കോവിഡ് 19 സൃഷ്ടിച്ച വെല്ലുവിളികളെ അതിജീവിക്കുവാൻ നമ്മെ ശക്തീകരിച്ച ദൈവത്തെ സ്തുതിക്കുന്നു. 2023 ലെ OVBS വിജയപ്രദമാക്കുവാൻ എവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു. എല്ലാ യൂണിറ്റുകളിലും OVBS കാര്യക്ഷമമായി നടത്തുവാൻ വൈദികരുടെ നേതൃത്വത്തിൽ OVBS സൂപ്രണ്ടിനെയും കൺവീനർമാരെയും അധ്യാപകരെയും തെരഞ്ഞെടുത്തു പ്രവർത്തനങ്ങൾ ആരംഭിക്കണം.

### ചിന്താവിഷയം

വി. യോഹന്നാൻ 15:4 നെ ആസ്പദമാക്കി 'ദൈവത്തിൽ വസിപ്പിൻ' എന്ന ചിന്താവിഷയമാണ് ഈ വർഷം സ്വീകരിച്ചിരിക്കുന്നത്. ഈ ചിന്താവിഷയവുമായി ബന്ധപ്പെട്ട് ആറു ഉപവിഷയങ്ങളാണ്, ഏഴ് ക്ലാസ്സുകളിലായി ആറു ദിവസം കുട്ടികൾ പഠിക്കുന്നത്. ഓരോ വർഷവും OVBS ന്റെ ചിന്താവിഷയത്തെ ആസ്പദമാക്കി തയ്യാറാക്കുന്ന പാഠപുസ്തകങ്ങളും ധ്യാനസഹായിയും ക്രൈസ്തവ സാഹിത്യരംഗത്തിന് മുതൽക്കൂട്ടും സഭയുടെ ചലനാത്മകതയുടെ അടയാളവുമാണ്.

### OVBS രജിസ്ട്രേഷൻ

2022 മുതൽ ഓൺലൈനായാണ് OVBS രജിസ്ട്രേഷൻ നടത്തുന്നത്. പ്രിൻ്റിംഗ് പേപ്പറിന്റെയും എല്ലാ അവശ്യവസ്തുക്കളുടെയും സേവനങ്ങളുടെയും വില വർദ്ധനവിന്റെ സാഹചര്യത്തിൽ OVBS പഠനസഹായികൾ തയ്യാറാക്കുന്നതിൽ പ്രത്യേക ശ്രദ്ധ ആവശ്യമായി വരുന്നു. മാർച്ച് 10 വരെ OVBS രജിസ്ട്രേഷൻ നടത്താം. അതിനു ശേഷം വേദപ്രവീൺ പ്രൈവറ്റ് പരീക്ഷാ രജിസ്ട്രേഷൻ തുടങ്ങേണ്ടുന്നതുണ്ട്. ഒരു യൂണിറ്റിലെ വിദ്യാർത്ഥികളുടെയും (Rs.100) അധ്യാപകരുടെയും (Rs.80) രജിസ്ട്രേഷൻ ഹെഡ്മാസ്റ്ററുടെ മേൽനോട്ടത്തിൽ പൂർത്തീകരിക്കണം. കൃത്യസമയത്ത് രജിസ്ട്രേഷൻ ചെയ്യുന്നത് വഴി പഠനസാമഗ്രികളുടെ പ്രിന്റിങ്ങും ലഭ്യതയും സുഗമമാകും.

### OVBS ആരംഭം

2023 ഏപ്രിൽ 10 തിങ്കൾ (ഉയിർപ്പു പെരുന്നാളിനു ശേഷം) മുതലുള്ള ദിവസങ്ങളിൽ OVBS നടത്താം. ഓരോ യൂണിറ്റുകളുടെയും തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് തീയതി നിശ്ചയിക്കേണ്ടത്. ഉദ്ഘാടനം, തുടർന്ന് ആറു ദിവസത്തെ ക്ലാസ്സുകൾ, സമാപനം എന്നീ വിധത്തിൽ എട്ടു ദിവസങ്ങളായി OVBS ക്രമീകരിക്കണം. ഭദ്രാസന ഡയറക്ടറും ഡിസ്ട്രിക്റ്റ് ഇൻസ്പെക്ടറും ചേർന്നുള്ള വിധത്തിൽ യൂണിറ്റ് സന്ദർശനം പരിമിതപ്പെടുത്തണം.

**OVBS Materials**

എല്ലാ വിദ്യാർത്ഥികൾക്കും Course Book, Song Book, Badge, Certificate എന്നിവ ഉണ്ടായിരിക്കും. Seeds, Roots, Buds വിദ്യാർത്ഥികൾക്ക് മനഃപാഠവാക്യത്തിന് സമ്മാന മായി Crown, Sticker എന്നിവ ഉണ്ടായിരിക്കും. ഈ വർഷം ധ്യാനസഹായി ഒരു യൂണിറ്റിന് രണ്ട് കോപ്പി വീതം നൽകും. അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഒരേ Course Book തന്നെയാണ് ക്രമീകരിക്കുന്നത്. പാഠഭാഗങ്ങളുടെ ഉദ്ദേശ്യം മനസ്സിലാക്കി വിഷയത്തോടു നീതി പുലർത്തി ക്ലാസ്സുകളെടുക്കാൻ ശ്രദ്ധിക്കണം. റജിസ്ട്രേഷൻ പൂർത്തീകരിച്ചവർക്ക് മാർച്ച് 31 മുതൽ കേന്ദ്ര ഓഫീസിൽനിന്നും OVBS materials വിതരണം ചെയ്യുന്നതാണ്. വാങ്ങുവാൻ വരുന്നവർ തിരക്ക് ഒഴിവാക്കുന്നതിനായി മുൻകൂട്ടി കേന്ദ്ര ഓഫീസിൽ അറിയിക്കുവാൻ ശ്രദ്ധിക്കണം.

**OVBS Videos**

ക്ലാസ്സുകൾ സജീവമാക്കാനും ചിന്താവിഷയം ആഴത്തിൽ മനസ്സിലാക്കാനും സഹാ യകരമായ വീഡിയോകൾ ossaebodhanam YouTube ചാനൽ വഴി നൽകുന്നതാണ്. പ്രത്യേക ക്ലാസ്സുകൾക്കും ഗാനപരിശീലനത്തിനും projector, Power Point presentation മുതലായവ ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കണം.

**ഗാനങ്ങൾ**

24 ഗാനങ്ങൾ, പാട്ടു പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആരാധനാ ഗീതം, പ്രാർത്ഥനാ ഗീതം, Theme Song, Marching Song എന്നിവ നിർബന്ധമായും പഠിപ്പിക്കണം. കേന്ദ്ര ഗാനപരിശീലന ക്യാമ്പ് 2023 ഫെബ്രുവരി 11, 12 തീയതികളിൽ പരുമല സെമി നാരിയിൽവച്ചു നടന്നു. ഭദ്രാസന ഗാനപരിശീലന ക്യാമ്പിൽ പങ്കെടുത്ത അധ്യാപകർ യൂണിറ്റു തലത്തിലെ ഗാനപരിശീലനത്തിന് നേതൃത്വം നൽകണം.

**OVBS Manual**

OVBS Manual എല്ലാ യൂണിറ്റുകളിലും ലഭ്യമാക്കുന്നതാണ്. പ്രവർത്തനങ്ങൾ ഇതിന്റെ അടിസ്ഥാനത്തിൽ ക്രമീകരിക്കണം.

OVBS നടത്തുന്നത് ബഹു. വികാരിയുടെയും സഹപട്ടക്കാരുടെയും മേൽനോട്ടത്തി ലാണ്. OVBS ന്റെ പാഠ്യപദ്ധതിയിൽ നിലകൊണ്ട് ചിന്താവിഷയം കുട്ടികളുടെ മനസ്സിൽ ഉറയ്ക്കത്തക്ക രീതിയിൽ ബോധനരീതികൾ പ്രയോജനപ്പെടുത്തണം. ചുമതലക്കാരും അധ്യാപകരും തമ്മിലുള്ള സഹകരണം OVBS ന്റെ വിജയത്തിന് അനിവാര്യമാണ്. ദൈവം നമ്മോടൊപ്പമുണ്ട് എന്നും നാം അവനിൽ വസിക്കേണ്ട വരാണെന്നും ഉള്ള തിരിച്ചറിവിൽ പ്രവർത്തിക്കാൻ ശ്രദ്ധിക്കുക. OVBS ന്റെ വിജയകര മായ നടത്തിപ്പിനായി നാം പ്രാർത്ഥിക്കണം.

ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മെ നയിക്കുകയും ശക്തീകരിക്കുകയും ചെയ്യട്ടെ.

20-2-2023

**ഡോ. വർഗീസ് വർഗീസച്ചൻ**
ഡയറക്ടർ ജനറൽ, OSSAE